**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 280** **04.06.2018-ൽ മറുപടിക്ക്**

**<u>സുകൃതം പദ്ധതി</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | 18 വയസ്സിന് മുകളിലുള്ള കാൻസർ രോഗികൾക്ക് ചികിത്സാസഹായ പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | എ) | 18 വയസ്സിന് മുകളിലുള്ള കാൻസർ രോഗികൾക്ക് താഴെ പറയുന്ന ചികിൽസാ പദ്ധതികൾ നിലവിലുണ്ട്.<br>1. **കാരുണ്യ ബനവലന്റ് ഫണ്ട്**- ഈ പദ്ധതി പ്രകാരം റേഷൻ കാർഡിൽ 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കാൻസർ രോഗികൾക്ക് 2 ലക്ഷം രൂപ വരെയുള്ള ചികിൽസാ സഹായം ലഭിക്കും.<br>2. **സുകൃതം**- ബി.പി.എൽ റേഷൻ കാർഡ് ഉടമകളായ കാൻസർ രോഗികൾക്ക് 3 ലക്ഷം രൂപ വരെയുള്ള ചികിൽസ ഈ പദ്ധതി പ്രകാരം സൗജന്യമായി ലഭിക്കും.<br>3. **പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി**- ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്ന പക്ഷം കാൻസർ ചികിൽസ സൗജന്യമായി നൽകുന്നു.<br>4. **ചിസ്സ് പ്ലസ്**- ഈ പദ്ധതി പ്രകാരം 70,000/- രൂപ വരെ വർഷത്തിൽ ചികിൽസാ സഹായം ലഭിക്കും.<br>5. **സ്നേഹസാന്ത്വനം പദ്ധതി**- ഈ പദ്ധതി പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് കാൻസർ ചികിൽസ സൗജന്യമായി നൽകി വരുന്നു. |
| ബി) | 'സുകൃതം' പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;ഈ പദ്ധതിക്ക് വേണ്ടി നടപ്പ് വർഷം തുക നീക്കിവെച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | ബി) & സി) | 2014-15 സാമ്പത്തിക വർഷം നവംബർ മാസത്തിൽ ആരംഭിച്ച സുകൃതം പദ്ധതി ഇപ്പോഴും നിലവിലുണ്ട്. ഇതിനായി പ്രത്യേകം തുക നീക്കി വച്ചിട്ടില്ല. സുകൃതം പദ്ധതിയ്ക്കു വേണ്ടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗ്രാന്റ് ഇൻ എയ്ഡിൽ നിന്നും ആദ്യം 30 കോടി രൂപ പദ്ധതി നിർവ്വഹണ സ്ഥാപനങ്ങൾക്ക് നൽകുകയും ടി സ്ഥാപനങ്ങൾ തുക ചെലവാക്കിയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് വീണ്ടും തുക നൽകുകയുമാണ് ചെയ്യുന്നത്. ഇത്തരത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകുന്ന തുക വിവിധ ഘട്ടങ്ങളിലായി സർക്കാർ തിരികെ നൽകുകയും ചെയ്യിട്ടുണ്ട്. |
| സി) | 'സുകൃതം' പദ്ധതി ഇപ്പോൾ നിലവിലില്ലെങ്കിൽ അത് നിർത്തിവെക്കാനിടയായ കാരണങ്ങൾ വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| ഡി) | 'സുകൃതം' പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷത്തിൽ ആകെ എത്ര പേർക്ക് എത്ര തുക സഹായധനമായി അനുവദിച്ചെന്ന് വ്യക്തമാക്കാമോ? | ഡി) | പദ്ധതി ആരംഭിച്ച് നാളിതു വരെ 11,622 രോഗികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 78,46,38,867/- രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ